പൂങ്കുല.

MAHARAJA'S COLLEGE, ERNAKULAM, GENERAL LIBRARY
22 NOV 1945

3533

M4
NAR
3A
3533

121
NR
D
2159

സി. ആർ. നാരായണനെഴുത്തച്ഛൻ,
എം. എ.

പ്രസ്താവന.

വിദ്യാർത്ഥിയായിരുന്ന കാലംമുതൽ ഇന്നുവരെയുള്ള അനിശ്ചിതമായ എന്റെ ജീവിതത്തിലെ അലസതയിൽ പലപ്പോഴും ഉന്മേഷം നൽകിയിട്ടുള്ള ചില അവസരങ്ങളെയാണ് ഇതിൽ കരിച്ചിരിക്കുന്നതു്. പത്തുപന്ത്രണ്ടു കൊല്ലം മുമ്പുമുതൽ അടുത്തകാലംവരെ എഴുതിയിട്ടുള്ള കവിതകളും ഇതിൽ ഉൾപ്പെട്ടതു. ആഴ്ചപ്പതിപ്പുകളിലും മാസികകളിലുമായി ഇതിൽ പലതും പ്രസിദ്ധപ്പെടുത്തീട്ടുള്ളവയുമാണു്.

തന്റെ കൃത്യാന്തരങ്ങൾക്കിടയിൽ ഈ കവിതകളെല്ലാം സശ്രദ്ധം വായിച്ചുനോക്കി തെറ്റുകളും തിരുത്തിത്തരുകയും ഒരാമുഖമെഴുതിത്തന്നു് ഇതിന്റെ പ്രസിദ്ധീകരണത്തിനു് എന്നെ പ്രോത്സാഹിപ്പിക്കുകയും ചെയ്തതു എന്റെ വന്ദ്യഗുരുനാഥന്മാരിൽ ഒരാളായ ശ്രീമാൻ ജി. അവർകളോടു് ഞാൻ എന്നും കടപ്പെട്ടവനാകുന്നു. കൃതജ്ഞതതന്നെ അർപ്പിക്കുവാണ്ടു് ഞാൻ ആ കടപ്പാടിനെ ഇപ്പോൾതന്നെ അവസാനിപ്പിക്കുന്ന സാഹസത്തിനു് ഒരുമ്പെടുന്നില്ല.

നഗരോദ്യാനത്തിലെ സുശോഭനങ്ങളും സുരഭിലങ്ങളുമായ സുമജാലങ്ങൾ ഈ പൂങ്കുലയിൽ ഏറെക്കാണുമെന്നു് ഞാൻ വിചാരിക്കുന്നില്ല. ഗ്രാമപ്രദേശങ്ങളിലെ പാടങ്ങളിലും പറമ്പുകളിലും പ്രത്യേകശ്രദ്ധയൂഷ്കൂടാതെ വളരുന്ന ചെടിപ്പൂടപ്പിൽ വിടരുന്നവയായിരിക്കും ഇതിലെ പുഷ്പങ്ങളും ഏറിയകൂറും. അതിനാൽ നാഗരികരുടെ ദൃഷ്ടിയിൽ ഇതു് എത്രത്തോളം കൌതുകപ്രദമായിരിക്കുമെന്നു് എനിക്കു് അറിഞ്ഞുകൂടാ.

ഗ്രന്ഥകർത്താ.

വിഷയവിവരം.

		വൃത്തം.	പുറം.
1.	ഒരു പ്രഭാതം.	ശ്ലോകം.	1
2.	ചന്ദ്രിക.	കാകളി	2
3.	ഉദ്യാനം.	നതോന്നത	3
4.	സന്ധ്യാതാരം.	മഞ്ജരി	5
5.	കുടിലിലെ കൊച്ചുകുമാരി.	ഗ്രാമേറും ഒത്തായവേ എന്നമട്ട്	7
6.	നിർവൃതി.	കേക	8
7.	പ്രമോദയം	ഉപസപ്പിന്നി	10
8.	പാടത്തുവെച്ച്.	ശ്ലോകം	11
9.	ഒരു ചിത്രം.	മഞ്ജരി	14
10.	സായാഹ്നം.	ശ്ലോകം	15
11.	ഒരൊഴിവുദിവസം.	കാകളി	17
12.	മോചനം.	പാന	20
13.	എന്റെ മീരത.	താരാട്ട്	23
14.	പോരായ്യുയില്ല	മഞ്ജരി	26
15.	അപ്രാപ്യയായ എന്റെ ജീവിത നായികയോട്	ശ്ലോകം	29
16.	ഒരു സല്പഫലം.	മഞ്ജരി	30
17.	അന്വേഷണം.	ശ്ലോകം	33
18.	എന്തൊരുമാറ്റം.	പാന	35
19.	'തിരുവോണം വരുന്നത്രേ'		40
20.	ഗരുഡൻ.	ശ്ലോകം	42
21.	അവലോകനം.	കേക	44

1. ഒരു പുഷ്പാഞ്ജ

1. കരയാനിട വന്ന വെങ്കിലും
കവിയും മാലകലും മനസ്സുപോൽ
ജലദാവലി നീങ്ങി ഖാനിടം
തെളിവോലുന്ന മഴയ്ക്കനന്തരം.

2. മലിനവൃത്ര നീങ്ങിമാനസേ
പല സച്ചിന്തകളാണ്ടിടുന്ന പോൽ
വിമലാംബര വീഥിയിൽ തെളി-
ഞ്ഞണയുന്നു താരകളങ്ങു മിങ്ങുമേ.

3. തരമോജ്വല താരകങ്ങളെ പു
ഞ്ചിരി പൈമ്പാൽ മഴപോൽ പൊഴിയുന്നുവോ
കരിമേഘഗണങ്ങളം ചേത്തതാം
കരവിട്ടേറെ വിളങ്ങി വിണ്ടലം.

4. ഹാ! ഹാ! കാണ്മക കിഴക്കുസൽ പ്രഭാ
ത്മകമാമാഴി യലച്ചുകേറവേ
ചലതാരകളം മുങ്ങിടുന്ന നി
സ്തുല തേജോമയവീചി മാലയിൽ.

5. അഥവാ വൃദിശാന്തി യോലുവേ
പതറും സാശയമൊക്കെ യറ്റപോൽ
ഇതരാളകളിസ്സുമിപ്പൂ ടീ
പ്പിടമറ്റൊത്ത മഹസ്സുടിയ്ക്കുവേ.

6. അരുണാംബരരമ്യയായുഷ
സ്സിരുൾ നീങ്ങിട്ട മൊരാശയത്തൊടേ
വളരും മമരി കാഞ്ചിയിൽ സഭയം
വിലയിച്ചുനിതവെമ്പിടുന്നതേ.

7. കുളിർ കാരവു ജപിയ്ക്കയായ് മുദാ
ടളമെണ്ണിത്തിരു നാമ സഞ്ചയം;
കളകൂജന പുണ്യകീർത്തനം
കിളിവൃന്ദം ഹ! ഹ! പാടിടുന്നിതാ.

8. തുഹിനാംബുവിൽ മുങ്ങിയീതനാം
തുകിൽചാർത്തിപ്പുതുപുഷ്പസഞ്ചയം
കമലേശനെയോർത്തിടുന്ന കാ
ന്തിമ യൊട്ടേടമടച്ചു കേതിയാൽ.

9 ജല ശീകര ഹാരമാന്നിലം
തളിരും മമ്മരശീതി പാടവേ
ലതികാവലി നർത്തനം തുട
ന്നിതൊരാനന്ദ മരന്ദധാരയിൽ.

10. പരമാത്മ ചിദാര മന്ത്രമാ
യുദയം ചെയ്യു മനസ്സുപോലവേ
ഭവനം വിലസുന്ന നിമ്മലം
പരമാനന്ദ മഹസ്സുചേർന്നഥം.

2. ചന്ദ്രിക.

വ്യഞ്ജിതിതുകുന്ന ചന്ദ്രിക തൻമുഖം
സഞ്ചിതസൗരഭംകാണ്മു ളരത്തതാ.

ആപാടച്ചൂഡും മധുരിമയാണെന്നാരാ
രൂപമാർത്തൻ ചിത്തമുന്മത്തമാക്കിടാ?
നീലാംബരാംഗമാം പാവാടചുറ്റിയും,
നീരദപ്പാളിയാൽ കഞ്ചുകംചാർത്തിയും,
താരഹീരങ്ങളാൽ മഞ്ജുഹാരങ്ങളും
ചാരുപരിവേഷ മംഗല്യമാല്യവും
മേല്ലുമേൽ മോടിയിൽചേർത്തും, പിടർത്തിൽ
നില്ക്കുന്ന ചന്ദ്രിക വിശ്വൈകമോഹിനി.

x x x x

ശാന്തതതീരെവെടിഞ്ഞുകൊണ്ടേറവേ
മേന്തിത്തിരുതല്ലുമാശയക്ഷോഭവും
തിങ്ങിനിന്നീടുന്ന തെങ്ങിൻനിരകളാൽ
പൊങ്ങിടും രോമാഞ്ചപൂരവുമാന്നിതാ
നിന്നിമേഷം നകുന്നീടുന്ന മന്നിടം
ചന്ദ്രികതൻചാരുലാവണ്യധോരണി.

3. ഉദ്യാനം. *(ഇവിൻ പാക്ക്)

കായലിന്റെറയുട്ടപുട കാറവിശിയലയുംപോൽ
പായലിന്റെമീതെയലയലച്ചിടുന്നു.
വാരണിയിൽചിത്രവണ്ണം ചിന്തിടുംമുങ്ങാംചിന്നി
വാരഞ്ചിനകാഞ്ചനപ്പൂവിടൻനിൽപൂ.
സുരലോകനവസുമ സൌരഭ്യസംവാഹിയാകും
സുഖസമീരണനണഞ്ഞിടുന്നമന്ദം.

പാക്കിലെരെപ്പേരിതിനെറയഴകെന്നും സ്പഷ്ടിച്ചാലും
പാക്കിതുവിലസിടുന്ന രമ്യമായ് നിത്യം.
പലതരം പുതുസുമനിരകളാൽ നിറഞ്ഞിട്ടം
സ്ഥലമിതുനവജാതനന്ദനോദ്യാനം.

2. ലോലതലാവലികളെത്തമ്മിലോലിച്ചും പലതരം
ലീലകളിൽ ലീനരായും ലസിച്ചു ബാലർ.
അച്ഛവായുശ്വസിച്ചോരോവശം വട്ടമിട്ടിരുന്ന
സച്ഛന്ദവിനോദം ചെയ്വൂ വിദ്യുത്പ്രിവൃന്ദം.
കേവലാനന്ദമാമിക്കാഴ്ച കണ്ട കൺകളിത്തു
സാവധാനംനടക്കുന്ന വിശ്രമാത്മികരും.
പ്രജാസുഖം പ്രതിദിനംപാത്തുമരുവുകമാത്രം
നിജസുഖമെന്നനണ്ണിമാടമഹീശൻ
രാമവർമ്മമഹാരാജൻ തെക്കുഭാഗത്തരുളുന്ന
രമണീയാരാമംതന്നിൽ നിത്യശാന്തനായ്.
പരിസരങ്ങളിലെങ്ങും പരന്നുള്ളസിതമണൽ
പ്പുരപ്പുതൻമീതെ, രാജസാന്നിധ്യത്താലോ
പരിരമ്യമായ് ഹരിതതൃണനിരവിരചിച്ചു
പരവതാനി പ്രകൃതി വിരിച്ചിരിപ്പൂ?

3. തക്കംപാത്തു പ്രതീഹിതൻ കാഞ്ചനംകവരുമോരാ
ഉഷ്ക്കുലത്തെയമർത്തുവാനിറങ്ങിട്ടംപോൽ
എതിരിട്ടംതിരകളുത്തകത്തുകൊണ്ടു ചൂളമാം
സമരകാഹളമോടെ ബോട്ടുകൾംനീങ്ങി.
ക്രൂടപ്പുടനയിച്ചിടാൻ ക്രൂടാംതാനുമെൻതവേച്ചോ
ട്ടുരധുമംവിട്ടു കാത്തുനിലുന്നകപ്പൽ.

X X X X

4. നിത്യജീവിതം നിരത്തും ദുഃഖതിമിരപ്പിച്ച
ചിത്തകതൃഫലം ചേത്തുചെയ്തുനേരം
മനുജക്ഷ്മഹിതലേമമത കൈവളത്തുവാൻ
മതിയാകുമുദ്യാനമേലുസിയ്യോനിന്നാൾ.

4. സന്ധ്യാതാരം.

1. തുകക തുകക തൂവെള്ളിത്താരമേ
തുകക നീ നറും പുഞ്ചിരിപ്പാൽ
വാരുണി സൌരഭ പൂരിതമാം പനി
നീരാമന്തിച്ചോപ്പിൽ ചാലിച്ച തൻ
വാരണും മേചകഛാലത്തിൽ ചാർത്തിയ
വാരുറ ചന്ദന പ്പൊട്ടൊന്നിതാ
നിളവേ സാന്ധ്യാഭ നീങ്ങിവരും തോറും
നിർമ്മല ഫൊൻപ്രഭ പൂണ്ടിടുന്നു.

2. കന്നൽകുഴിയുമിരുളും നിറയുമീ
മന്നിൽ നിന്നെത്രയോ ദൂരെ ദൂരെ
ചിന്നിവിളങ്ങുന്ന വിശാലമാം വിണ്ണിലെ
വെള്ളി വിളക്കുപോൽ നീലസിരുപ്പേ
വൈൺകതിർ വീശിടുമരയെ പ്രഭോജ്വല
സുന്ദരമാക്ഷം രവി മറയെ,
അന്ധതമസ്സിൽത്തിരിയും ധരണിയ്ക്ക
ബന്ധുരമാം മൃദുശ്യാമകേ,

വിൺതലവീഥിയിൽ നിന്നൊരു സൽപ്രഭാ
കന്ദളം വീശുന്ന താരമേ നീ.

3. ജീവിതപ്പുഷ്പഭാരം വഹിച്ചുചെ
ക്ഷീണരായ്ത്തീരും നരന്മാരോടായ്
പൂമുറ്റഹാസത്താൽ നീ ചൊൽവതാമോദം
പൂണുക പൂണുക യെന്നല്ലല്ലീ?
തൂകുക തൂകുക തൂവെള്ളി ത്താരമേ
തൂകുക നീ നറും പുഞ്ചിരിപ്പാൽ.

4. തൂമയിൽ പൂത്തു ചൊരുകാറവിലാട്ടമി
ത്തുമ്പക്കുടമാരു വാനിൽ നട്ടു?
ചൊറുപ്പുതുക്കെത്തളിഞ്ഞു കാണുന്നതു
മുറ്റും മതു ചിന്നും പൂനിരയോ?
വാരാന്നോരോണത്തിൻ ശ്രീമാഹാത്മ്യമോ
വാനമിപ്പൂക്കളാൽ വാഴ്ത്തിടുന്നു?
"മഞ്ഞുമലരാൽ ധരിത്രി മനോജ്ഞമായ്
മാനസമാനന്ദ സന്നഗ്നമായ്
മാനവരൈക്യം തിരുവോണമായ് വാഴ്ക
മാനവ മോഹന വാസരങ്ങൾ
ആദർശം താവക പാവന യത്നങ്ങൾ
ക്കാപേക്ഷ്യം താവക ചിന്തകൾക്കും."
എവമോ ദൂരെ നിന്നാത്തുമ്പപ്പൂനിര
ശ്ലാഘനയപ്പൂ വരും സന്ദേശം.

x x x x

തൂകുക തൂകുക താരാനിരകളേ
തൂകുവിൻ നിങ്ങടം നൽ പുഞ്ചിരിപ്പാൽ.

5. കൂടിലിലെ കൊച്ചുകുമാരി.

കൂടിലിലെ കൊച്ചുകുമാരി യാളെൻ
പൂടയും പതുക്കെ ക്കവന്നുപോയി.
ചപലം മനുഷ്യന്റെ മാനസം തൽ
ചരിതം വിചാരിച്ചാലെത്ര ചിത്രം!
ഒരുചെറുപ്പെപതലായ് വാണനാളും തൊ
ട്ടിതുവരെ ഞാനെന്നയലിലുള്ള
ചെറുകുമാരീ കുമാരന്മാരൊത്തു
സരള വിനോദങ്ങളാടിയെത്ര?
അവിരളമോടമെനിയ്ക്കു തന്ന
ള്ളവരിലൊരാളിലുമിത്ര നാളും
മമതയെന്നല്ലാതതിൽ ക്കവിഞ്ഞു
മമപൂടി മറെറാന്നുമേശിയില്ല
കുറിയൊരു സ്നേഹം മാത്രമുള്ളൂ
കൂടിലിലെ കൊച്ചുകുമാരിയാളോ?
ഇതുവരെയാക്കും വശഗമല്ലാ
തിവനുള്ള നെഞ്ചകം കൈക്കലാക്കി.
ഹരിത നിറമാണ്ട പാവാടയും
പുരുരാഗം പൂണ്ടുള്ള കഞ്ചുകവും
പരിചിലണിഞ്ഞുല്ലസിയ്ക്കുമോമൽ
പരിശ്രുതി തന്റെ മനോജ്ഞഗാത്രം.
പഴയോല കൊണ്ടൊക്കെ കെട്ടിമേഞ്ഞി
ട്ടുഴകേറെയില്ലാത്തൊരക്കുടിലിൽ

വെള്ളിയിലായ് നിത്യവുമാവഴിയെങ്കൾ
വരവും പ്രതീക്ഷിച്ചു നിൽക്കുമോമൽ.
ഒരുദിനം തെല്ലൊന്നു വൈകിയെന്നാൽ
വരുവതില്ലിന്നൊരു പരിയെന്നായ്
വിരയും ഹരിണവിലോചനമെൻ
വപുഷി വളത്തിട്ടും രോമഹർഷം.
പുരിതമ്യമാകും ലളിതവേഷം
പരിശ്രുതി ചേരും കടാക്ഷവർഷം
ഇവയൊരവാച്യവികാരമെന്നി
ലുളവാക്കിയാലതതിശയമോ?

നിർവൃതി.

1 കന്നവുമിരമ്പവു മെന്നിയെ പ്രശാന്തമാം
കർഷക സങ്കേതമെൻ പാവനഗ്രാമം തന്നിൽ
അസ്തമായാദിത്യൻ തൻ കാഞ്ചനകിരണങ്ങ
ളാസ്വദയാതലോടീട്ടും മോഹന മാഖിൻ തോപ്പിൽ
ഞാൻ തനിച്ചിരിയ്ക്കുമാർദ്ര ശാന്തിമാകും
സാന്ധ്യ സൌന്ദര്യവായ്പിൽ മഗ്നനായ്
പലപ്പോഴും.

2 ചിന്തയാൽ പരിക്ലാന്തനായഞാനന്നും ചെന്നു
നന്തിയിലിളം കാറ്റത്തിളകുന്നോരത്തോപ്പിൽ.
ചെന്തളിരണ്ടും ചിന്തിത്തഴച്ചും മകരന്ദ
സ്യന്ദിയാം പൂവിൻ കുലയാണുമാ മാഖിൻ കൂട്ടം

ക്ലാന്തതയിവന്നുള്ളതാകവേ നീക്കി സച്ചു
മണ്ഡമാരുതനാലെ യുക്കറീ സേചനോദ്ഗമം.
ശാന്തത, യേകാന്തത, യുസുഖപ്പെടുത്തു നിദാനമാം
സന്ധ്യ, യെന്നിവയാലെൻ ചേതനയുയർന്നുപോയ്.
തിങ്ങിനിന്നീടും രസാലങ്ങളും വലാഹകം
തങ്ങിടുമകാശവും തൽപ്പുറവും ഖിന്നോരവും
പൊങ്ങിയെൻചിത്തം, പൊയ്കതൻതടംവിട്ട സൂര്യ
ഭംഗി പുൽകുവാൻ വെമ്പിയുയരും ജലജംപോൽ;
ഗ്രാമവും പ്രിയമേറുമെൻറ നാട്ടുമെന്നല്ല
ഈ മനോഹരമാകും ലോകവും മറന്നുപോയ്
സന്ധ്യയും മറന്നൊന്നുമില്ലെന്റെ സാന്നിധ്യം കൂടി
ചിന്തയിൽവരാതേതോടിവ്യൂമാണ്ടിക്കിൽചെന്ന
അന്തരംഗമങ്ങടൻ വ്യാപിച്ചൂ-തേജോമയ
മന്തരീക്ഷമൊന്നിങ്കൽ-അനന്തതേശ്രത്തിങ്കൽ.
കേവലമവാച്യമാ മാനന്ദമനന്തമായ്
ദിവ്യമപ്രദേശത്തു നിറഞ്ഞുവഴിയുന്നു.
അപ്രമോപൂരത്തിലെൻചിത്തവുംലയിച്ചുപോയ്
ദീപ്തതേജസ്സും ഞാനുമൊന്നായിച്ചമഞ്ഞുപോൽ.
അകമുക്ക മോഹമ, മതിദുർല്ലഭം, ഗീരാ
ലതുളാൻവയ്യാത്തതാം നിർവൃതിയണഞ്ഞു ഞാൻ.

x x x x x

പവനം ശാന്തമഖ്ഖ പൂകുവാനിന്നും ഞാനെൻ
ഭാവനാപക്ഷം നീർത്തും പുളകാങ്കുരാങ്കിതം.

7. പ്രേമോദയം.

1 സരസലീലയും സാനന്ദസുപ്തിയും
നിറയുമാമഞ്ജുബാല്യം കഴിഞ്ഞിതാ
തരുണതയുടെ തേജോ വിരാജിയും
കിരണ കന്ദളമെന്നിൽ ചതിയ്ക്കുയായ്.
ശരദകന്മഷ വിൺതലം പോലുള്ള
സരളമാം കാന്തിചിത്തമെൻ ചേതസി
തരളതാരകാതുല്യം തിളങ്ങിപോൽ
സുരുചിരം ജീവിതാടർശ മെത്രയേ.

2 അകലുഷോന്മിഷൽ പ്രേമപ്രരോഹാങ്കുര
മകതളിരിൽ തെളിഞ്ഞു തുടങ്ങവേ
അലഘുവാമതിൻ കാന്തിയിൽ മങ്ങുന്ന
ചലദവുക്കളോരോന്നും പതുക്കവേ.
അവിടെ നിളെപ്പരന്ന വരുന്നതു
ണ്ടവിരളാമോമാം രാഗപൂർണ്ണോമ്മികൾ.
അതിനു പിന്നിലായാരോമലിൻ മുഖ
മതുല ദീപ്തിദം മന്ദമുയരുന്നു.
തെളിവു പാരമിയറുന്നിതാനനം
ലളിതശോക്കളാലെൻ മാനസാംബരേ.

3 കരിമുകിൽനിര പോലെ മനോജിന
കരമുഖം മൂടുമോ? കാന്തിനീക്കുമോ?
ഉയരുമീദീപ്തിതന്നെയുമെന്നുടെ
ഉയിർ കരിപ്പാനോ കാന്തിനൽകിടാനോ?

അറിവതീലേതു, മെങ്ങും പരത്തിട്ട
ന്നനഘകാന്തി ഉച്ചാരമതെൻ പാട്ടി.

8. പാടത്തുവെച്ചു്.

1 നിളേനേരിയ പച്ചവണ്ണമിയലും
നെല്ലിൻ തലപ്പിൽ തുലോം
ലാളിത്യം കലരും സമീരണനലം
ലാസ്യം വളർത്തും വയൽ
കാളം ചേന്ന പരന്ന ടിക്കുകളംവരെ
ച്ചായുന്നതാകും നട
സ്സോളം വാരിയെഴും സരസ്സിനു സമം
ദ്യോതിപ്പു ചേതോഹരം.

2 മിന്നീട്ടും ഗരുഡോപലത്തകിടുട്ട
ത്തെങ്ങും ജലത്തിന്നുമേൽ
ചിന്നീട്ടും നളിനങ്ങളൊന്നു നെട്ടുകേ
പോകുന്നതോടൊന്നിതാ;
സന്നാഹത്തൊട മാകുമിപ്പുവരെയും
വെൽവാനതിൻ മീതെയായ്
സ്സൈന്യം പച്ചയടപ്പുമിട്ടിരുപുറം
നില്ക്കുന്ന നീരസ്ഥമായ്.

3 ദൂരാൽ വൃക്ഷഗണങ്ങളും ചെന്നു സകലം
പച്ചച്ചു കാണുന്നിട
ത്തോരോ ടിക്കിലൊളിഞ്ഞു നോക്കിടുവതു
ണ്ടോടിട്ട പൂമേടകളും;
കേരം തിങ്ങി നിരന്നിട്ടുണ്ടിടെ വൻ
തെങ്ങൊന്നതാ മാനുമായ്
പാരം ശീർഷമുയർത്തി നില്പു ഇരുവിൽ
ലേശം പ്രഭാവത്തൊടേ.

4 ലേശം ചോല മഴക്കെഴാതെ മിനുസം
വച്ചുല്ലസിക്കുന്നതാ
മാശാ ശ്യാമളഭിത്തിമേൽ പടുതയോ
ടേതോ പുമാനങ്ങതാ
കാശപ്പൂവിനെ വെല്ലുമാദരിതരളം
മാറൊട്ടപൂർവ്വാചലം
ധീശൻ തൻ മകളിൽ കരേറിയതുതേ
യുന്നു വെളുപ്പുഞ്ജസാ.

5 മാലേവന്നുമകറ്റിയും കളിർതരും
മട്ടൊട്ടു പൂർവ്വാശതൻ
മേലേ നീലിമതന്നിലാണ്ടു മരുവും
ശൈലാഗ്ര ഭാഗങ്ങളിൽ
ചാലേ ചാൽക്കടലിൽ കലക്കമിയലേ
ച്ചിന്നും തരംഗപ്രഭം
ചോരല പൊങ്ങിവരുന്നതാ തെളിതെളേ
മിന്നും മകിൽച്ചുരുത്തുകൾ.

6 ദ്യോവ്വാം ശാന്ത സരസ്സിൽ വാനവർകളി
ച്ചീടും കളിത്തോണിയോ?
ദേവസ്ത്രീ നടനത്തിരക്കിലുഴുന്നാ
കൈലേസ്സു കൈവീട്ടതോ?
ഭ്രവിൻനാഥനലാത്തുമുജ്ജ്വല വിമാ
നം തന്നെയോ കാൺമതാ
ദേവാധീശ്വര ടിക്കിലായ് അഹ! ഹ! പാ
രീടുന്നു പക്ഷീന്ദ്രനോ?

7 കണ്ണാടിക്കു സമം മിനുത്തൊരു നില
ത്തേതോ കുമാരൻ മുടാ
ചുണ്ണാമ്പാന്നൊരു പമ്പരം വടിവോടേ
വട്ടം തിരിച്ചിട്ടതോ
വിണ്ണിൻ പൂർവ്വതടത്തിൽ നിന്നുഥ തിതി
ഞ്ഞൊട്ടൊട്ടു മദ്ധ്യത്തിലാം
വണ്ണം കേറി വരുന്നൊരിട്ടുമണിതൻ
തേജോമയം മണ്ഡലം?

8 മീതേ നിർമ്മലമായ് പ്പരന്ന വിലസും
വാനം, തിരക്കും തരു
വ്രാതത്താൽ മറയുന്ന ടിക്കു, കളിരേ
കീടുന്ന മന്ദാനിലൻ,
സ്ഫീതാമ്പോരുപമോപചാൽച്ചിരിയിടും
പാഥോജ, മിത്യാടിയെൻ
ചേതസ്സിൽ കുതുകം വളത്തിട്ടവതി
ശ്ലോതാവതല്ലേതുമേ.

9. ഒരു ചിത്രം.

—ഗാനം—

1 സന്ധ്യാക്കസിന്റെ പൊട്ടിപ്പോട്ട തൊട്ടാശതൻ
സുന്ദരഗന്ധം തൂട്ടത്തുമിന്നി.
ലോല മനസ്സുൻ ഞാനന്നാസ്സനത്തിൻ
ശ്രീലവിശാലാങ്കണത്തിലെത്തി.
പൊൻകമ്പിത്തുമ്പത്തു കോത്തുള്ള വൈഡൂര്യ
പ്പൊന്മണി മാലപോൽ ലാലസിയുള്ളം
മനല്ലതിരേറെയൊരുമിച്ചു കെട്ടിയ
നല്ലൂറ നീളെ നിരത്തിക്കാണായ്.

2 ആ വളർമുറനത്തൊരറ്റത്തിലുണ്ടതാ
പൂവിളം മെയ്യാളെൻ പ്രേമധാമം
സാവധാനം നടക്കുന്ന പുഞ്ചെല്ലിൻ
പാവശ്രീ പാത്തുപാത്തു മോടാൽ.
സുവ്യക്ത സൌന്ദര്യ സാരസങ്കേതമായ്
നവ്യമായ് കണ്ടൊരച്ചാരുരൂപം
ചേലിലിമ്മുറമലങ്കരിക്കുർപ്പിയും
ചേതസ്സിലും മമ പോന്നിന്നു.

3 വൈദ്യുതവീചികൾ പാഞ്ഞിതെൻ മാനസേ
വിദ്യുൽപ്രഭാപോൽ പൂതഗാത്രി
കാൽക്കണത്തിന്നകം വെമ്പലോടഞ്ചാര
കാൽത്തളിർ വെപ്പിനാൽ ശോഭംപൂകേ.

4 മന്ദം നടന്നു ഞാനാനന്ദമഗ്നനായ്
മന്ദിര സുന്ദര പ്രാന്തമെത്തി

കല്യൻ ഗ്രഹേശ്വരൻ സല്ലൂരിച്ചേകിയ
പല്ലുപ്പായെയാന്നിലിരുന്നുമെല്ലെ.

5 ചഞ്ചലാപാംഗമോടൊത്തുടൻ കണ്ടുഞാൻ
നെഞ്ചകമഞ്ചിയ്ക്കും മഞ്ജുതരചം.
ചെന്തളിർ പാദങ്ങളും രണ്ടും നിലത്തുന്നി
ചെമ്പകം വെല്ലുമുപ്പുവലംഗം
പട്ടിളംകയ്യാൽപിടിച്ച വാതിൽപ്പിന്നി
ലൊട്ടൊട്ട ലജ്ജിതയായ് മറച്ചു
ഓമലാൾ കോമളമാം മുഖാബ്ജം തെല്ലു
പ്രേമാഭിഷിക്തമായ് കാണ്മാറായ്
എത്തിനോക്കുന്ന കയത്തിന്നടിത്തട്ടിൽ
വത്തിക്കും കുരിരുൾ വിട്ടുപൊന്തി
മരുത്തുപോൽ മിതെ മറയായ് വിലസുമാ
പ്പുത്രവും നീക്കി വെളിച്ചം കാൺമാൻ
അന്ത്യമായുദ്യമം സാധിച്ചിടുന്നോൽ
ചന്തമേറിടും ചെന്താമരപോൽ.

x x x x

വാഞ്ഛിത മന്നിലുകണ്ട സുരാംഗയായ്
പുഞ്ചിരിതൂകിനാൾ സന്ധ്യയാളും.

10. സായാഹ്നം.

1 പ്രഭാകരൻ പാരുണ്ടിസേവമൂലം
പ്രഭാവമറാലുമതീവരാഗാൽ

പ്രതീചി ദേവിയുണ്ണിയിച്ചിടുന്ന
പ്രദ്യോജ്ജ്വലം ഹേമ നവാംബരങ്ങളും.

2 കാലങ്ങളോരോ പ്രഭവത്തിപോലെ
ശ്രീലാംബരം തള്ളിടവേ പ്രതീചി
വർണ്ണപ്പുകിട്ടേറിയ വസ്ത്രജാലം
തിണ്ണന്നു വീണ്ടും രവിനല്കിടുന്നു.

3 കാര്യജ്ഞനാം കഷ്ടകനാരു വാനിൽ
താരങ്ങളാം ചിത്തു ചിതയ്ക്കുവാനായ്
ചാരംപരത്തുന്ന നിറഞ്ഞധാരാ
ധൂരങ്ങളെല്ലാം ചുഴുകം ചുട്ടശേഷം?

4 തങ്കക്കളിർപ്പല്ലായ്ക കളിൽ കളിച്ചു
തങ്കുമുടപ്പാം തരളാക്ഷിമാർ തൻ
തഴച്ചുവാർകുന്തളമാസ്ഥയോടേ
തലോടുവാൻ മണ്ടുകയായ് സമീരൻ.

5 ഒരുത്തനുണ്ടായൊരു ദാഹുവായ്ചിൽ
പരക്കി വായുന്നിതസൂയ കഷ്ടം!
പുരപ്രകോപേന തടുത്തിടുന്ന
തരുക്കളെല്ലാമനിലന്റെ മാർഗ്ഗം.

6 തളിർത്തു പൂത്തുള്ള ലതാഗ്രമോരോ
ന്നാളുന്നിടുന്ന രവിരശ്മി മണ്ഡം.
മരിയ്ക്കുവാൻ കാലമടുക്കവേ, ഗ
ർഭ്യാനൻ തനിക്കുള്ള ധനംകണക്കേ.

7 സ്വായാഹ്നസഞ്ചാരികളം തൻമനസ്സിര
പായുന്ന നാനാ നിനവെന്നപോലെ

വിയൽപ്പുരപ്പിൽ വിഹഗപ്രജങ്ങളും
അയത്നമോരോവഴി പോയിടുന്നു.

8 പ്രതീചിതൻ ക്ഷേമസുമത്തിലോലും
തേൻതുള്ളിയാം സൂര്യനെ മന്ദ മന്ദം
വാരാശിയാം ഷൾപദമാഹരിയ്ക്കു
വാരാന്ന സുപ്രഭ മങ്ങിടുന്നു.

9 ഇതൊന്നുമേ ചെറുതറിയാതെ നൽപ്പൂ
വതീവസൌരഭ്യ മുതിർത്തു കാങ്കേ
അതികലുണ്ടാം മധുവാസചിഹ്നൻ
തമിസ്രവൃന്ദംഗങ്ങളണഞ്ഞിടുന്നു.

10 ഏവം വൻമോഹമേകി ബ്ഭവനതലമിതിൽ
ഭീരിശല്യാത്മമായ് ത്താൻ
മേവും വൻക്രൂരിയാം ക്രൂടവിലവു മിരവിൽ
സംഭരിച്ചോരശേഷം
തീവെച്ചീടുന്ന കാലത്തവനിയെ യഖിലം
പുണ്യവത്താക്കുവാനാ
ദ്ദേവൻ സൂര്യൻ, ഫലം കിം? നിശിവരുമിരുളീ
ലോകമിമ്മട്ട തന്നെ.

11. ഒരൊഴിവു ദിവസം.

1 നിദ്രയിൽ നിന്നൊഴുന്നേറ്റ ദിവാകര
നദ്ദിതൻ മീതെ കരേറുന്ന സശ്രമം.

നാനാ തൊഴിൽകളിലേപ്പെട്ടിതാളുക
ളുണരുന്നു കമ്പമ്പടുമായ് ലോകവും
ഞാനുമുണർന്നെഴുന്നേറെ; ന്നൊഴിവിന്റെ
യാനന്ദമാം ഹിമബിന്ദു നീരാവിയായ്.

2 ശ്രീമിണ്ടാശേഷപരിസരേ നന്ദനം
സാനന്ദമാട്ടം പ്രകൃതി തൻ കാന്തിയിൽ
ഭൂമഗ്നമാമെൻ മതിയെ വിചേതിത
കാമംനിറത്തിച്ചു ബഹുവേഗേന ഞാൻ
സ്നാനവും പ്രാതലും കാലേ കഴിച്ചുടൻ
സന്നദ്ധനായി തിരിച്ചുപോയീടുവാൻ;
വാനിലെങ്ങേടും പാഞ്ഞനക്ഷത്രമെന്നപോൽ
ഖന്നതറിയാതെ പൊയ്പോയൊഴിവുനാൾ

3 "തൂമസമില്ലൊട്ട മുൾകാലാവുവാൻ
ഈ മട്ടുവെമ്പലെന്തല്പമിരിയ്ക്ക,"
ബന്ധുക്കളേവം തടുന്നസല്ലക്ഷമാ
ബന്ധുനം മെല്ലെവിടർത്തി നടന്ന ഞാൻ
പാടങ്ങൾ നാലഞ്ചുചെന്നു പടിപ്പുര
വാതിലുകലെത്തി, ഞാൻ പോകുമെന്നാകുവേ,
കോലായിലേയ്ക്കുള്ളവാതിലിൻ കീഴിലായ്,
കാലൊന്നു തെല്ലുതളർത്തിയും വാതിലിൽ
കൈത്തണ്ട ചാരിയും കണ്ണിമയ്ക്കാതെയും
പത്തുനിന്നീടുമ കുമാരിതൻ ചോല്യമാം
പാശമൊന്നിങ്ങോട്ടെറിഞ്ഞതുല്യാശവാ
രാശിയിൽ താഴ്ത്തുമെൻ ചിത്തഗതിയെത്തീർ.

"എന്നിനിയിങ്ങവരുന്നതുഞങ്ങൾക്ക
നന്നായ് കഥകൾ ശ്രവിയ്ക്കാൻ, ചിരിയ്ക്കുവാൻ".

4 ബാലികാ ബാലരോടൊത്തു രസിച്ചതു
മാലസ്യമറിയിനോടങ്ങൾ ചെയ്തതും
വൈരസ്യകേന്ദ്രമാ മുഗ്ദ്ധാഗവൃത്തിയാൽ
ചാരം പുരണ്ടു കനത്ത മന്മാനസേ
മാറരുചീട്ടിന്ന കല്ലിൽ കനകസം
മട്ടിതരേഖകൾ പോലെ തെളിഞ്ഞുടൻ.

5 നിർമ്മല വാണിപ്പൊഴിച്ചും ഹിതിച്ചും സ്വ
കർമ്മങ്ങൾചെയ്തും കിടാങ്ങളൊത്തെന്നുമേ
നർമ്മവിനോദാൽ വിരസമാം ജീവിതേ
കൃത്രിമതയില്ലെങ്കിലും കൈവരുത്തുവാൻ
കൂട്ടുന്നവൻ തന്നെ ശ്രേഷ്ഠവാൻ ഭൂമിയിൽ
കൂട്ടുതലാക്കുലഭിയ്ക്കുന്ന ധന്യൻ?

6 എന്നവരുമിനിയെന്നു ചോദ്യം മുദാ
പിന്നെയുമാവർത്തനം ചെയ്യ ബാലിക.
വന്നിടാം മറെറാരൊഴിവു ദിനത്തിങ്ക
ലെന്നും പറഞ്ഞു തിരിഞ്ഞൊന്നു നിന്നു ഞാൻ
സന്തുഷ്ടിയാണിണ്ട കണ്ണുകൾക്കേകുവാൻ
സന്തുലമന്ദസ്മിതം ചെച്ച കാഴ്ചയായ്.
ചണ്ഡകരണ്ഡമേറെ വരുന്നാട്ട
മണ്ഡലം നോക്കിത്തിരിച്ചു ഞാൻ പിന്നെയും.

12. മോചനം.

1 രൻപക പൂണ്ടുലകം ഗ്രസിയ്ക്കുവാൻ
വന്നണഞ്ഞീടുമ്പ തമസ്സിനെ
സ്വന്തമാസ്സിൽ ലയിപ്പിച്ചു കാഷായ
കാന്തി മന്നിൽ പരത്തുന്ന ഭാസ്കരൻ.

2 പൊൻ കതിരവൻ നീളെച്ചിതറീടും
പൊംകതിർനിര ചേന്നൊരു പാടത്തിൻ
പൊക്കമേറും വരമ്പിലൂടെ വഴി
പോക്കനെണ്ണിതാ പോകുന്നു മെല്ലവേ.
നിത്യവും മുടിക്കൊണ്ടുപോയ് വിരുതൻ
നിത്യവൃത്തികഴിയ്ക്കുമ്പോഴാള്ളുടെ
ഉന്നതമാം ശിരസ്സിൽ വിളാകരൻ
പൊന്നണിയും മുടിപ്പുടത്തിൻ ഘനം
ആവതോളമുണ്ടാകയാലോപാതി
സാവധാനത്തിലായതവൻ ഗതി.
അന്യവഞ്ചനം, സ്വാത്മാഭിമാനത്ത
ടൈന്യമായ് വിരവിട്ടം രാജസേവനം
എന്നിവയൊന്നു മേൽക്കാതെ ഭൂമാം
തന്നുടെ തൊഴിൽകൊണ്ടുപജീവിയ്ക്കും
ധന്യനാമപ്പുമാനെത്തലോടിനാൻ
മന്ദവാതം മൃദുഗീതസഞ്ചിതം.

3 ഏകതാനമാക്കീടും മനസ്സിന്റെ
യെങ്ങുമേ പതറാത്ത ഗതിപോലെ

നേർവരമ്പേനടക്കുമയാൾ ഞെട്ടി
നേക്കിടുന്നു ദീനസ്വപ്നം കേൾക്കയാൽ.
പാർശ്വഭാഗത്തു നോക്കവേ കാണായി
വിശ്വസിയ്ക്കാൻ കഴിയാത്തൊരത്ഭുതം.
വ്യോമസീമനി ദിവ്യമാം തേജസ്സിൻ
ലാമയം വിണ്ടുപാറിപ്പറന്നിടം
പക്ഷിരാജൻ കുതുകാലിരങ്ങിവ
ന്നിക്ഷമാതലേ തെല്ലൊന്നിരിയ്ക്കവേ
മാളമൊന്നിൽ കിടക്കും കടിലനാം
കാളമണ്ഡലിയാക്കിലപ്പൊൾപ്പുടം
വായിലാക്കി വേഗത്തിൽ വിലത്തിലേ
ക്കായവണ്ണം വലിച്ചിറക്കീടുന്ന.
ലോകമിത്ഥം തലകീഴ് മറിഞ്ഞിതോ?
നാകവാസി നരകിയാൽ ഗ്രാസ്യനോ?
സത്തുക്കൾക്കലഭിയ്ക്കും ഗതിയിതോ?
സ്സുബ്ധനായവനക്കാഴ്ച കാൺകവേ!
4 എന്ന മെല്ലെത്തലോടി ദ്വിജേന്ദ്രനെ
മന്നിൽ നിന്നൊക്കിടിനാ നടപ്പാൻ
ക്ലേശവിട്ടു വെളിയ്ക്കിറങ്ങാൻ ഭയ
ന്നീടും പന്നഗം തൽപിടിവിട്ടടൻ
ജിഹ്വകം നീട്ടിയുമായ് ചീറിയാ
ശ്രദ്ധാരത്തിനാകം വലിച്ചു തല.
ശക്തിയേറും ഗ്രഹണത്തിൽ നിന്നൊരു
മുക്തികിട്ടിയ മുശ്കാര്യ പോലവേ,

പക്ഷം വിശിച്ചിലച്ചാ ടചിജേശ്വരൻ
ലക്ഷമാഞ്ഞുത്തിലേയ്ക്കുയന്നീടിനാൻ.
തൻ തലയിൽ കുടംവീണ്ടുമേറ്റിയ
പ്ലാസ്മൻ പട്ടണം നോക്കിനടന്നു പോയ്.

X X X X

ഘോരസം വിരറാഴിഞ്ഞ കുംഭത്തൊട്ടം
ശോഷസംബദ്ധ ചിന്താപ്രജത്തൊട്ടം
പാത്തിടാതെങ്ങും നേരെ മടങ്ങന്നി
തത്തൊഴിൽക്കാരനാവഴിയേത്തന്നെ.
ഘോരമായ് ചീറിയോടിയടുത്തുടൻ
ക്രൂരകണ്ഡലിയ ട്ടയാശീലനെ;
ഗേഹചിന്തയും കുംഭവും വിട്ടതൻ
ദേഹരക്ഷയ്ക്കുവൻ പറഞ്ഞു തൽക്ഷണം.
വായുവേഗേന ശന്ധവാഹാശനൻ
പായുകയായ് പകവെച്ചു പിൻപുറം.
ഓടിയോടിത്തളർന്നവനച്ചുത്തി
ലാടലോടെ കരഞ്ഞുപോയ് ദീനനായ്.
ചീറിയോട്ടോട്ടത്തിനു പാമ്പുമ
ജ്ജീവനറ്റു തുടങ്ങും പുരുഷനെ.
കുട്ടകാക്കകം കാണിടറിയവൻ;
തൊട്ട തൊട്ടില്ലയെന്ന മട്ടായ് പണ്ടി.
അക്ഷണമൊരു പഞ്ചൽപ്രഭോപാ
പക്ഷിരാട്ടരസിൽക്കാരമോടന്നാ
വൻ ചിറകാട്ടിവന്നതറിയാതെ
റാഞ്ചിനാനക്കടിലസഫ്പത്തിനെ.

6 വായു ഭക്ഷണൻ വൈരി പോയ്; പാണ്ഡവന്റെ
വായുനേരെയായ്, കൈവന്നിതാ ശ്വാസം:
വ്യോമചാരിയെ പ്പാതാളം താഴ്ത്തുവാൻ
ഭീമയത്നം കഴിച്ചു കടിലന്നോ?
സാഹസം സ്വയം പാഴിലായ് തൻ പ്രാണ
വായു മറ്റാർക്കുമരാൻ സഹായമായ്.
ക്രൂരരുളിൽ ക്ഷുഭിക്കുഴിഞ്ഞിട്ടും
ക്രൌര്യ കൈടില്യകേളാമമൂർത്തിതൻ
സാരമാം സത്ത്വവേർപെട്ടയന്ത പോയ്
ചേരുകയായിതാ സച്ഛാരിയിൽ.

7 ഇപ്പുരിണതി താൻ മൂലമാകയാൽ
ഉപ്പനായ്, ശിരോരോഗം നശിയ്ക്കയാൽ.
പാദം ഭൂവിതിൽ താഴ്ത്തിവെയ്ക്കാതെ ക
ണ്ടോ ദിനം കൃത കൃത്യൻപ്പാണ്ഡവം
കാലേത്താൻ പോന്നൊരാലയം പൂകുവാൻ
ചാലവേ ചരിച്ചാനതേ സൽപ്പഥേ.

13. എന്നെറ ഭീരുത.

1 പൂണ്ണചന്ദ്രൻ വന്നുദിച്ചു—വെള്ളി
പ്പൂമഴയെങ്ങും പൊഴിച്ചു.
പിച്ചി മണ്ണും വാനും—കൊച്ചു
താർത്തെന്നൽ നീളെ നടന്നു.

ശൈലം വെടിഞ്ഞു ബാലേന്ദു-ശീല
നീലമേലാപ്പിലുയർന്നു.
താരാഗണങ്ങളും തിളങ്ങി-ചാരിൽ
തൂനിലാവെണ്ണമിനുങ്ങി.
കാർകൂന്ത കുന്തള ഭാരം-കോതി
ക്ഷത്രമായ് കെട്ടിയരികിൽ
ചിന്നം നിലാവിൽമഞ്ഞൾ-കാന്തി
ചിന്നുന്ന സാരിയണിഞ്ഞു
ഖാർകൂന്തചില്ലികളിയ്ക്കും-മോമൻ
ഫാലത്തിൽ ചെഞ്ചൊട്ടതൊട്ടു
വാർതിങ്കളം വെൺപട്ട നീളെ-വിരി
ച്ചീടുന്ന മാർഗ്ഗത്തിലൂടെ
ആരിതാതന്നേ വരുന്നു-ചൊവ്വേ
ദേഹത്തു നിന്നാതിമന്ദം.
പാലാഴിയിൽ കാറവിലാട്ടം-നില്പു
നീരജംപോലെ മനോജ്ഞം.

2 വാസന്ത ലക്ഷ്മിയാകും പൂങ്ക-നവ്വു
വേഷമോ പൊന്മലർച്ചെണ്ടോ?
മഞ്ജുപുലരിയാം പൂവായ്-വിരി
ഞ്ഞീടുന്ന മോഹനമൊട്ടോ?
പ്രേമസ്വരൂപിണിയാളോ-മമ
മാനസ രാജ്ഞിയാകും താനോ?
ആരിതാ തന്നേ വരുന്നു-ചൊവ്വേ
ദേഹത്തു നിന്നാതിമന്ദം.

3 മറ്റൊരു തിങ്കളോ കാൺമു-നീല
നിർമ്മലസാരിയു മേലേ?
തിങ്കളിൽ പങ്കമോ മുന്നിൽ-കാന്തി
തങ്കു മളകനിരയോ?
പിന്നിലിളകും മുകിലോ-ഒളി
ചിന്നും കബേരീ തരമോ?
മിന്നുന്നതു കുണ്ഡലമോ-ലോല
സന്നാളമാം താരകമോ?
ശാന്തമായ് ഞങ്ങളടുത്തു-അയ്യ
സ്സാന്തടയെന്നപോലെ.

4 ഓമനമുഖം തെല്ലുയർന്നു-അതിൻ
കാന്തി ഞാൻ കാമം നുകർന്നു
ആയതമാം നയനാന്തം-വിട്ട
പായും മനോജ്ഞകടാക്ഷം
എൻ ചിത്ത വല്ലരിയേറ്റു-പൂമ്പൈ
കാഞ്ചിതമായ്ച്ചീന്നി തേറ്റം.
നെഞ്ചുറപ്പാകെ ക്ഷയിച്ചു-എന്റെ
പിഞ്ചുവുടയം തുടിച്ചു.
ആനന്ദവാരി നിധിയിലെന്നു
സാമന്ദമാണ്ടാണ്ടു പോയി.

x x x x x

5 ചെറു സമയം കഴിഞ്ഞു-പിന്നെ
ച്ചൂറ്റുമെൻ ദൃഷ്ടി പതിഞ്ഞു.
കണ്ണിലണഞ്ഞൊരു രത്നം-എങ്ങോ
കൈവിട്ടപോയ പുമാൻപോൽ

ഏകനായ് ഞാനിളകുന്ന-പ്രേമ
പ്പാൽക്കടൽ തന്നലച്ചാർത്തിൽ.
മാമക ജീവിതപോതം-നയി
ച്ചീടേണ്ടൊരവ്യക്ത മാഗ്മം
ഓമലാളിൽ നിന്നറിവാൻ-കാത്തു
വന്നു; വെൺ ലജ്ജ തടഞ്ഞു.

6 ശ്രീമാനതമെന്റെ ശീർഷം-ശ്രവ്യ
ഭാരമായ് നീചാത്തിരിയുന്നാം;
അയ്യതിനെന്തുഞാൻ ചെയ്യാം-എന്റെ
ഭീരുതയെത്താൻ പഴിക്കാം;
പിഞ്ചുപൂപോലെ വിമലം-പുതു
പുഞ്ചിരിപൂണ്മം വദനം
നെഞ്ചകത്തിങ്കൽ ഞാനെന്നു-മതി
വാഞ്ഛയാപാത്തു വസിക്കാം.

14. പോരായ്കയില്ല.

1 ശാന്ത സുഷുപ്തിയിലാഴ്ന്ന പട്ടണ
പ്രാന്തപ്രദേശങ്ങളും മന്ദം മന്ദം.
ആരാവമെങ്ങും നിലച്ചു ദീപങ്ങളു
മോരോന്നോരോന്നായണഞ്ഞുപോയി.
ദൂരത്തു നാട്ടിൻപുറത്തു പാടങ്ങളിൽ
കാവല്ക്കിരിപ്പോർ തൻ ക്രക്കൽമാത്രം
ഓളമെഴാതിളകാതെ കിടക്കുമീ
വായുവാരാശിയിൽ കല്ലെറിവൂ.

നീളവേ പാരിച്ചുറക്കുന്ന നീണ്ടുള്ള
നീരടപ്പാളികം വാനിലെങ്ങും.
ധ്വാന്തമാം മേലാര നിശാചരി നാട്ടിയ
വൻജയശ്ലോഷ പതാകകൾപോൽ.
സൂചിതചൈതന്യമാമീ നഗരത്തിൻ
ഭീതിദമായൊരിരുട്ടകോണിൽ
മേല്പര പോയി ജീർണ്ണിച്ച മലീമസ
വീർപ്പു വമിയ്ക്കും കട്ടിലിലൊന്നിൽ
ആധികരാക്കാക്കും ചോക്കും സ്വരത്തിലൊ
രാതുര രോദനം കേൾക്കാകുന്നു.
ഘോരത്തു പോകവേ കാണുന്ന ദീനമാ
മാരവത്തിന്റെ യഥാർത്ഥമൂലം.

2 ചുറ്റും വിഴുങ്ങിയടുക്കും തിമിരത്തെ
യൊറയ്ക്കു നിന്നു തടുത്തുനോക്കും
മങ്ങിയ മണ്ണെണ്ണ ദീപപ്രഭയേറാ
മാടത്തിൽ മദ്ധ്യത്തിൽക്കാണാകുന്ന,
ഭീമതമിസ്രത്തിൻ കൈവിട്ട കുട്ടിപോൽ
ബീഭത്സമായൊരു മർത്ത്യരൂപം.
എല്ലും തുരുമ്പു തൊലിമാത്രവും ബാക്കി
യുള്ളൊരാമർത്ത്യന്റെ മാത്തടത്തെ
തെല്ലൊന്നയത്തിയും ക്ഷീണിയ്ക്കുമാലുടൻ
മെല്ലെന്ന വിട്ടും പരിയ്ക്കും വായു
കാണിപ്പുതുണ്ടവനീലോകവാസത്തി
ലാണ്ടു തീരെ വെടിഞ്ഞിട്ടില്ലെന്നായ്.

കോണിലായ് ചാരത്തു പുഴുണ്ണി കൊണ്ടുതൻ
നാണം മറയ്ക്കും യുവവൃദ്ധയായാം
മാതാവു കേഴുന്നു; പുത്രൻ തന്നാസന്ന
മൃത്യുവെ ക്കാത്തും വരാത്തതിലോ?

3 മൂന്നു നാളായി ഉയണ്ണിയ്ക്കാനും മേലാതെ
കീറപ്പായിൽ തന്റെ ചാളയ്ക്കുള്ളിൽ
ദീനം പിടിച്ചു കിടപ്പുകുമാരനു
മ്മാനിനിക്കരിയ ഭാരമായി.
പിച്ചതെണ്ടി രണ്ടുദരത്തെപ്പോറ്റാനും
പുത്രനെ ശുശ്രൂഷ ചെയ്യുവാനും
പാരം പണിപ്പെട്ട നോക്കിലും ഉപ്പെത്തലിൻ
രോഗം വളരെ വളർന്നു വന്നു.
കേഴുകയായവനെപ്പിഴം മാതാവു
പോവുക ദൂരത്തു ചെയ്യുന്നായി.
കൂടെയുറക്കവും കൂടാതിരുന്നാവ
ളാടലകറ്റാൻ പരിശ്രമിയ്ക്കു
ഒട്ടൊട്ടു കാര്യം വിശ്രമമില്ലാതെ
പട്ടിണിയാരുന്നു ദേഹത്തെയും.
എത്രനാളിത്ഥം വിശന്നു ശുശ്രൂഷിയ്ക്കാം
പുത്രനെപ്പോറ്റുള്ള മാതാവിന്നും?

4 ചോരയും കരയുന്നതില്ല സുഖക്കേടൊ
രാരമെന്നാലതും കാൺന്നില്ല.
കൊറിനില്ലാത്തുള്ള ശുശ്രൂഷയാൽ പ്രാണ
നിരിരിരു പോകുന്ന മാതാവിന്നും.

കാളിവരുന്ന ജഠരാഗ്നി യാചിയ്ക്കുവാൻ
പാളയിൽനിന്ന വെളിയിലേയ്ക്കും
കേണിട്ടും പാലനകർത്തയ്ക്കും തള്ള മാ
പ്രാണന്റെ ദേഹാമലാമ്പും ലോലം.
യോഗം തനിയ്ക്കേവം വന്നതോർത്തിട്ടവൾ
ക്കാഗതം ദീനചരിതേവനം.
ആരതുകേൾക്കുവാൻ? രോഗത്തുശ്രൂഷയ്ക്കാർ?
പാരമധ: പതിച്ചോരിന്നാട്ടിൽ.

5 പാവങ്ങളേവം മരിപ്പതെത്ര? മൃത്യു.
പാണികൾ നീട്ടിവരിപ്പതെത്ര?
സൌഖ്യമായാക്കിടം വാസിപ്പാൻപ്രകൃതിതൻ
സമ്പത്തു സമ്പൂർണ്ണമായ നാട്ടിൽ!
മേലാളർക്കെന്തതിൽ? നാട്ടിലിന്നും ദുഃസ്യ
വേലയ്ക്കു പോരായ്കയില്ല ഒരുക്കിൽ.

15. അപ്രാപ്യയായ എന്റെ ജീവിത നായികയോട്.

1 പാലേ വിരിഞ്ഞുള്ള നീരും സുമങ്ങള
മീലേ നിരഞ്ഞുള്ളൊരാ മഞ്ജുവാടി
പ്പാലേ മനോജ്ഞം തവ ദിവ്യരൂപം
പോലേ കരം ക്കാമ്പുകവന്നിടുന്നു.

2 ബാലാരുണൻ തൻ കരത്താർ പിടിച്ചും
ലോലാനിലൻ ചേർന്നുകളിച്ചുകൊണ്ടും
ചേലാണ്ട നിൻ ബാലത കാട്ടിടുന്ന
കാലത്തു പൂങ്കാവനമെൻ സമക്ഷം.

3 ഉച്ചയ്ക്കു വെള്ളിപ്രഭയേല്ക്കു സാരി
യച്ചാരുപൂന്തോട്ടമണിഞ്ഞിരിയ്ക്കേ
തേൻചോരു മോമൻ നവയൌവനം പോ
ലെൻ ചിത്തമാകൃഷ്ടമതാക്കിടുന്നു.

4 രാപിങ്കലോ സൂചിത ശോഭയായ
പൂവാടിയേയെൻ പ്രിയയോർത്തിടുമ്പോൾ
ഭാവം പകരുന്നാട്ട ചിരകതിചേരും
താവൽക വാർദ്ധക്യമിവനു തോന്നും.

5 എത്തുകില്ല നിക്കാൻ ശ്രമമേന്തിയാലു
മെത്തുകവീണ്ടും ബലമോടുചേർപ്പൂ
പുറിൽപ്പെട്ടും സുന്ദരവസ്തുവെല്ലാം
ചിത്തേ സ്ഥാനിൻ സവിശേഷരൂപം.

16. ഒരു സ്വപ്നം.

1 ഞാനൊരുനാൾ കുറേത്തോഴരുമായ്ക്കാണ്ടൊ
രാനന്ദവാടിയിൽ വാണിരുന്നു.
തുമരന്ദ നിറകുംഭങ്ങളായെഴു
മാമ്രങ്ങൾ തിങ്ങിടും തേന്മാവുതൻ

താഴെയായ് സ്ഥനമുറപ്പിച്ചു നിസ്സല
തോഷം കളിച്ചു മരുവി ഞങ്ങളും.

2 പൂത്തുതഴച്ച ലതാവലി നർത്തനം
പൂണ്ടു, ശിരസ്സാട്ടി ലാരുക്കളും
മാന്തളിർ തിന്നേതോ കോകിലം മാവിന്റെ
പൊന്തിയ ശാഖാതലേകരേറി
ചന്തത്തിൽ കൂകിടും ചാരുഗീതങ്ങളാ
ലേന്തിത്തുളുമ്പി പോലന്തരീക്ഷം.
ക്രീഡന ശീലരാം ബാലകർ ഞങ്ങളുംതൻ
ലീലയുമാസൌഖ്യസാഗരത്തിൽ
കീഴാലജാലത്തെയാന്ദോളനം ചെയ്തു
താലോലിയ്ക്കും കൊച്ചുലകം പോലെ.

3 മോഹാടമായിട്ടും കൌമുദിയേറന്നെൻ
മാനസമോളം കളിച്ചിതേറെ.
ബാലസമീരണനിക്കിളി കൂട്ടമേ
പോലിൽ ചിരിച്ചുപോയ് വല്ലിയെല്ലാം.
ആനന്ദതുന്ദിലർ ഞങ്ങളെ ക്ലേശത്തി
ലാനയിച്ചീലന്ന ചിന്തയൊന്നും.
മോഹനമാകുമിപ്പൂവന മേതെന്നോ,
സ്നേഹകുതുകങ്ങൾ തിങ്ങും ഞങ്ങൾ
എങ്ങന്നുവന്നതത്തോട്ടത്തിലയ്ക്കന്നോ
പൊങ്ങിയതില്ല വിചാരം ചിത്തേ.
കാന്തംപരിസരമന്നാരനശ്വര
കാന്തിപ്രദമെന്നതോന്നിയാകെ.

4 വാടിതൻ നാലുപുറവുമന്യൂനത
വാടകളും വന്മതിലുകളും
ഭംഗിമമായപ്പുറത്തതിഭീമമാം
ഉഗ്രങ്ങളും വൻ കിടങ്ങുകളും
അങ്ങേപ്പുറമാത്തലച്ചിരമ്പീടുന്നൊ
രാഴിയുമുണ്ടു കിടന്നിടുന്നു.
അറമില്ലാതതു നീളവേ കണ്ടിടാം
മെറേറ വീരാളിവൻ പട്ടപോലെ.

ഇവകയെയൊക്കെക്കടന്നപ്പോയിടിനാർ
കേവലം ഭണ്ഡംധരിച്ച ചിലർ.
അവശം സൂക്ഷിച്ചു നോക്കുവാൻ ക്ലേശിയും
സാഹസപ്പെട്ടില്ല ഞങ്ങളൊട്ടും.

5 തെന്നൽ മരക്കൊമ്പിൽ തൂത്തം ചവിട്ടുവേ
തേന്മാങ്ങയെന്നപോൽ ഉതിർന്നു.
മത്സരമോടടൻ വീണതു വീണതു
തത്സമയം താൻ പെറുക്കി ഞങ്ങളും.
കിട്ടിയ കിട്ടിയ മാങ്ങകളെ ഞാൻ മറ്റു
ദൃഷ്ടിപൊടാത്തതാം പോട്ടിൽ വെച്ചു.
അത്രവഷ്ം മന്ദമന്ദം നിലയ്ക്കുവേ
യാശമേ പാരം വളർന്നു വന്നു.
പുല്ലിലെൻ തോഴരാളിപ്പിച്ച മാങ്ങകളെ
മെല്ലെയ്ക്കവരുവാൻ കൈനീട്ടി ഞാൻ.
കള്ളമറിഞ്ഞവർ കൈയ്യുകൾ പിടിയ്ക്കുവേ
തള്ളിയവരെ വിട്ടോടിവേഗം

ദൂരത്തു ചെന്ന ഞാൻ കൈകൊട്ടിയുച്ചത്തി
ലാശ്ചര്യമോടം ചിരിച്ചു നിന്നു.

6 ഹന്ത! പെട്ടെന്നെൻറെ ഭാഗ്യലോകത്തിലെ
ബന്ധം മുറിഞ്ഞു; വിളിച്ചു താതൻ.
"പോരുമുരക്ക മുണരുക്ക വേലക
ളോരോന്നും ചെയ്യേണ്ട കാലമായി"
മായപ്പോലയ്യോ മരഞ്ഞതെൻ തോഴരും
മാങ്ങയും മഞ്ഞളുമാഖിൻ തോപ്പും;
കൈകൊം തുറന്ന ഞാൻ പ്ലാണിച്ചു നോക്കിലും
കണ്ടീലതിലൊട്ട ഗന്ധം പോലും.

17. അനുപ്രാണനം.

1 മതിയെന്നിയ്ക്കു; മട്ടത്തിരശ്ശീലയും
മഹിയിലെ ട്ടുരിതാകുലജീവിതം.
മതിയിലബ്ധവേദീയവിലോകനം
മഹിതമെന്തു കൊതിച്ചിതിവൻ വ്യർത്ഥം?

2 അലാലുവംബരച്ചുംബിതമാളികാ
നിലയമേറി സലീലമുലാത്തുവാൻ,
അമിതമുകഗ്ഗീരതയാസ്പതി
പ്രണുതനാമധികാരിയുമാകുവാൻ,

3 കപണിത കങ്കണയായണയുന്നൊരാ
ഹരിണലോചനയൊത്തുസുഖിയ്ക്കുവാൻ,

മതിയിലില്ലിവനിഷ്ടവനോട്ടവ
സ്ഥിതിലയാധിപ, മോഹമശേഷവും.

(ധ്രുവകം)

4 ഇതിനുമീതെയെഴുന്നൊരവാച്യമാം
സ്ഥിതിയിലെത്തുവതിനു തുനിഞ്ഞുഞാൻ
പലവിധം ശ്രമമിങ്ങുതുടങ്ങിലും
ഫലമലം മനതാരിനതുള്ളിലം.

5 മമത നിങ്കൽ നിരഞ്ഞു വഴിഞ്ഞിട്ടം
വിമലമായ മദീയ ഹൃദന്തരം
തവസമീപ മണഞ്ഞപ്പൊഴു സൽപഥം
തവരയിൽ നോക്കിനടന്നതു നിഷ്ഫലം.

6 തവ വിലോകന ലോഹളമേന്തി ഞാൻ
മരുഡിമാമക മാനസചിന്തയിൽ;
മഹിതരാം പല തോഴരുമൊത്തു നിൻ
മധുരവാത്തകളോതി സകൌതുകം.

7 കലകലം തന്റെ നവാലയമായ് ബുധാ
വലിപുകത്തിയ ശാലയുമേറി ഞാൻ;
അവിടെ മുന്നിൽ നിരത്തിയ രത്നമൊ
ട്ടധികകൌതുകമോടു തിരിച്ചു തേ.

8 പല പകിട്ടുകളാണ്ട തിളങ്ങിട്ടം
ശുചിമൃ ശോഭകരം ചിന്തിയ കല്ലുകളം
ഹാ! ഹാ! വിമോഹന രൂപമെഴുന്നതിൻ
നിഴൽവഹിപ്പതിനം വഹിയാത്തതോ!

9 അതു കഴിഞ്ഞു, കഴിഞ്ഞു ദിനങ്ങളം ഞാ
നിതരവിദ്യ തിരഞ്ഞിതു പിന്നെയും.

അതിലൊരേഷ്വ മില്ലൊരു മാർഗ്ഗമ
പ്പ്രിയലസുന്ദര സന്നിധി പൂകുവാൻ.

10 ജട കലർന്നതി കുഞ്ചിത കുന്തളം,
സ്ഫുടതയാർന്ന നിമീലിത ലോചനം,
ഭവി ഖിരക്രതിയുമാർന്നമരുന്നസം
യമികരം തതപവുമെത്ര പറഞ്ഞുപോൽ!

11 അതിപരിശ്രമമെത്ര നടത്തി ഞാ
നിതിഭവാനുടെ വാസ്തവമോരുവാൻ;
ഗതി ഹ! ഹ! പുനരെന്തിഹ പൂവ്വമാം
സ്ഥിതിയിവന്നിനിയും; ശരണം നഹി.

12 സുരവരക്ഷമപൂർവ്വ നിരീക്ഷ്യമ-
പ്പുരമപാവനമായ പദങ്ങളേ
ഒരു നരൻ ഭവി ഭൌതിക വാരിധി
ത്തിരനിരയ്ക്കകമെങ്ങതിരഞ്ഞിടും?

18. എന്തൊരുമാറാം.

എട്ടുപത്തിൽ കവിഞ്ഞില്ലകൊല്ലമെൻ
നാട്ടിൽ നിന്ന ഞാൻ ചോന്നിട്ടിതേവരേ.
യാത്രയിൽ പൂവ്വകാല വൃത്താന്തത്തിൻ
ചിത്രമോരോന്ന കാങ്കയായ് കണ്മുന്നിൽ.
എത്രയും മുദാ കൂട്ടരോടൊത്തു ഞാൻ
കീർത്തനീയമാം ബാല്യകൌമാരങ്ങൾ

പോക്കിയിട്ടുള്ള ദേശത്തെയാകവേ
പാക്കുവാനായുഴറിയെൻ മാനസം.
ശ്രീലമാം വിൺതലത്തിൻ കിഴക്കേഴും
നീലിമ നിറഞ്ഞുനിന്ന ശൈലങ്ങളും;
ബാലമാരുതൻ കൈകോർത്തു പാട്ടുന്ന
ലോലമാം നെൽത്തലപ്പുന്ന പാടങ്ങളും;
നൃത്തവേളയിൽ നർത്തകിപാവാട
വൃത്തം വിശി കൈക്കുപ്പിയിരിയ്ക്കും പോൽ
ഒട്ടു മഞ്ഞുള പത്രോ പരിയാമ്പൽ
മൊട്ടുകളും നീണ്ടു നില്ക്കുന്നതോട്ടകളും;
തിങ്ങിയെങ്ങും നിരന്നു നിന്നീടുന്ന
തെങ്ങു നീങ്കകവുങ്ങെന്നിവയ്ക്കിടെ
ഭംഗിയിൽ ക്ഷീരിരംഭകളും നീട്ടിട്ടും
പൊങ്ങിയ കൈയെഴും പാടവക്കുകളും;
നീളവേ നടക്കാവുവൃക്ഷങ്ങളാൽ
നീളം പാണ്ഡരറിയാത്ത പാതകളും;
കാലിമേച്ചും കളിച്ചും നടക്കുന്ന
ബാലകർ ചേന്ന മഞ്ഞുമൈതാനങ്ങളും.
അന്തിമേഘമയരും നക്ഷത്രിന്റെ
കാന്തിപൂരം കവരും പൂപ്പൊയ്കകളും;
പൊന്തിയേറെത്തൻ ക്രൂരരിലെങ്കിലും
തൻ തല പാച്ചു നില്ക്കും മുളക്കൂട്ടം
പൊന്തകെട്ടിയിടയ്ക്കിടെ വേലിയ്ക്ക
ചന്തമേറുന്നാ കൊച്ചു വഴമ്പുകളും;

കർമുടി കോതിവെയ്ക്കുന്നൊരമ്മതൻ
കൈവിട്ടുത്തിക്കുതിയ്ക്കുന്ന പൈതൽ പോൽ
ബാലഭാസ്കരൻ ശോണകരങ്ങളാ
ലോലകം മാറി മാറിത്തലോടവേ
തട്ടിയകറ്റം നീക്കിച്ചൊടുന്ന
പട്ടകളാന്ന കേരവൃക്ഷങ്ങളാൽ
ചുറ്റിയുമോല മേഞ്ഞ മേൽക്കൂട്ടമായ്
മുറ്റും കാണാകും കൃഷ്കശേഷങ്ങൾ;
തങ്ങൾതങ്ങൾക്ക പോന്ന തൊഴിലുകൾ
പൊങ്ങും മോദേനചെയ്യ സന്തുഷ്ടരായ്
കാലം സാനന്ദം പോക്കുന്ന നാട്ടുകാർ;
കാത്തിവനെയിരിയ്ക്കുന്ന കൂട്ടുകാർ;
ഭാര്യ മാതൃ പിതൃാദിയാമെന്നിവ
ഗോത്രജർ, മറ്റു ബന്ധുക്കളായവർ;
അല്ലുവന്നാടക്കംവരെ നിത്യവും
മല്ലുവേലയെടുത്തതിൻ ക്ലേശിയായ്
വല്ലിവാങ്ങി സപത്നിനീമാരൊന്നി
ച്ചില്ലലില്ലാതെമേവും ചെറുമക്കൾ;
ആയവർക്കുള്ള മാടങ്ങൾ; ചുറ്റിലും
മേയും കന്നുകൾ പാച്ചുപുല്ലുകൾ;
പാടവക്കിലുള്ള ചേല; മാൽത്തറ;
ഉയ്യപാതയെന്നല്ല, പുലർയിൽ
പാട്ടം പൈങ്കിളി കൂട്ടുകൂട്ടം വൃക്ഷ
കോടരങ്ങൾ; നാട്ടിലെസ്സന്ധ്യകം;

മുമ്പു മുമ്പിതിലോരോന്നു കാണുവാൻ
വെമ്പി വെമ്പി യുഴറിയെൻ കണ്ണുകൾ.

x x x x x

വണ്ടിവന്നെത്തിയാപ്പീസ്സിൽ ഭാണ്ഡവും
കൊണ്ടു ഞാൻ മുണ്ടിയെൻനാടു പൂകുവാൻ.
രണ്ടുകണ്ണും കുളുർക്കവേ കർപ്പൂരം
കൊണ്ടു ധാരചൊരിയേണ്ടിടത്തിതാ
കോരിവീഴ്ത്തുന്ന തീയിൽ തിളച്ചുള്ള
കീടനെണ്ണയെൻ നാട്ടിലെ ക്ഷാളകം
വന്മരം, ചെടി, വള്ളികളൊക്കവേ
വെട്ടിനീക്കിക്കളയുക കാരണം
മണ്ണു പുല്ലിവയെല്ലാമൊലിച്ചുപോയ്
വണ്ണമേറുന്ന പാറകൾ മാത്രമായ്
നില്പുമക്കന്നാരു ഭീമജന്തുവിൻ
ശുഷ്കമാമസ്ഥി പഞ്ജരം തന്നെയോ?
മുണ്ടകൻ കൊയ്തെടുത്തശേഷം വെയിൽ
കൊണ്ടുണങ്ങിയ നെല്ലുറികൾ ചിന്നി
കണ്ടിടുന്നുണ്ടു പാടം വിധവതൻ
മുണ്ഡിതമായ ശിരസ്സം കണക്കിനെ.
കെട്ടിമേച്ചുലീരാണ്ടിലൊരിയ്ക്കലും
കൂടിയില്ലാതെ കീറിപ്പറിഞ്ഞതായ്
പാവക്കാർ തൻ വസതികൾ കാണുന്നു
വാപൊളിച്ചിട്ടും പഞ്ഞപ്പുലർകാലം;
അപ്പൂരകം തൻ മേല്പുരയേക്കാളു
മല്പവും ഭേദമില്ലാത്തവസ്ഥയാൽ

നാണമൊട്ടു മറച്ചിടാമാളുക
ളാണുവിടമധിവസിച്ചീടുന്നോർ.
ഉരെ ഞാൻ മുമ്പുചോദ്യകവേ കൌതമാര
താരുണ്യങ്ങൾ വപുസ്സിൽപൊരുതിടും
പൂതഗാത്രമാർ പൈപൊട്ടും നാലഞ്ചു
പൈതലാലർഭ വൃദ്ധമാരായ്ക്കാണ്മൂ.
കണ്ടു കണ്ടീയുലകം മടുക്കയാൽ
കണ്ടിലേയെന്നാട്ടിരുന്നിയ കണ്ണുകളും,
ദന്തപംക്തിയെ വേലയില്ലായ്കയാ
ലുന്തിനീക്കാനടുക്കും കപോലങ്ങളും,
എന്തുചെയ്യതാനീപ്പുഞ്ചമേല്ക്കുവാ
നെന്ന ചോദ്യത്തിനായ് പ്പൊരുതുമെല്ലുകളും,
ഗാത്രമീവിധ മാണ്ടതൊഴിൽക്കാരെ
പ്പാർത്തിടാമെന്ന രണ്ടല്ല പത്തല്ല.
പിച്ചതെണ്ടിനടക്കുന്ന ക്രൂരരാൽ
നിച്ചിലും വഴിനീങ്ങാൻ പ്രയാസമും.
കാപ്പു കിങ്കിണികാൽത്തളതൊട്ടുള്ള
കോപ്പുകളും ശിശുവൃന്ദം സുലഭമായ്
പൂണ്ടും നാട്ടിൽ കനകമിന്നുകണി
കാണുവാൻകൂടിയേറെ പ്രയാസമായ്.
ജോലിയില്ലാത്തവക്കാലയങ്ങളാം
ചായഷാപ്പു് മദ്യക്കടയെന്നിവ
തൊട്ടു തൊട്ടു കിടക്കുന്ന ബാക്കിയി
പ്പട്ടിണിക്കാരിലുള്ളതു മൂർദ്ധന്യൻ.

x x x x

എട്ടപത്തിൽ കഴിഞ്ഞില്ല കൊല്ലമെൻ
നാട്ടിൽനിന്നു ഞാൻ പോയിട്ടിതിന്നകം
കഷ്ടമെന്തൊരുമാറ്റം! മിതിന്നാട്ടി
ത്തട്ടിൽ വന്നിപ്പുതേതു ഗ്രഹശക്തിയോ?

19. തിരുവോണം വന്നെത്തി.

1 തിരുവോണം വന്നെത്തി വീണ്ടുമിക്കേരള
ക്കരതൻ പുരാതന പുണ്യോത്സവം.
ലവലേശം ലോഭം പിടിയ്ക്കാതെ വിണ്ണിൽ നി
ന്നമൃതം കരെന്നാർ പൊഴിയ്കയാലെ
ക്ഷിതിയിതിൽ പാഴാമിടത്തിലും പൊങ്ങിയ
തതിരമണീയമായ് വല്ലീകുലം.
വെയിലേറുണ്ണാതെ മരങ്ങളും തഴപ്പാനും
വയലും പാറയും പൊടിനിറഞ്ഞും
ശബ്ദമുഖരിതമായ് തത്തിക്കളിയ്ക്കും പോൽ
ശലഭം പൊടിതോറും സഞ്ചരിച്ചും
മധുരിമപൂണ്ട മലിപ്പൂ മനോജ്ഞമായ്
മലനാട്ടിലെങ്ങും പ്രകൃതിദേവി.
തിരുവോണം വന്നെത്തി വീണ്ടുമിക്കേരള
ക്കരതൻ പുരാതന പുണ്യോത്സവം.

2 തലതെല്ലു ചാഞ്ഞു പഴുത്തുപൊരുകാറ്റി
ല്ലിലയും പൊന്നൊൽക്കലയാം കരത്താൽ

നലമോടെ മാടിവിളിച്ചു വയലുകൾ
മലയാളം കാണ്മാൻ മഹാബലിയേ.
ധരയിതുവീണ്ടും കണ്ടീടാനെഴുന്നള്ള
മരചൻ തന്നാഗമമാഘോഷിച്ചാൻ
തഴകം പറമ്പുകളുതോറും നിരത്തീട്ട
ണ്ടഴകിൽ പൂടന്ന കിഴങ്ങിൻവള്ളി
കുതുകം വഴിഞ്ഞിടം ബാലകർ പൂത്തൊട്ടി
കരതാരിലേന്തിച്ചാനങ്ങളും തുകി
വിരിയും സുമനിരയോരോന്നും ശേഖരി
ച്ചരിയമുറങ്ങളലംകരിച്ചു.
ഗഗനാങ്കണത്തിലും കാണാമിടയ്ക്കിടെ
ത്തെളിവോലും സന്ധ്യവിതരും പൂക്കളം.
തിരുവോണം വന്നെത്തി വീണ്ടുമിക്കേരള
ക്കരതൻ പുരാതന പുണ്യോത്സവം.

3 വിഭവം പ്രകൃതിയെക്കന്നവയോരോന്നും
നിർഭരം കരസ്ഥമാക്കി കൃഷിക്കാർ;
അരികിലും ദൂരത്തുമോരോ തൊഴിലായി
മരുവും ജനങ്ങളും ഉല്ലങ്ങളും പൂകി;
വരുവാനാകാത്തവർ വീട്ടിലേയ്ക്കാശംസാ
പാരമാമെഴുത്തും പണവും നല്കി;
ചിരകാല പ്രാർത്ഥിതമായുള്ള മോചനം
തരസാലഭിച്ച തടവുകാർപോൽ
വഴിയുമാള്ളാളത്തിൽ നീന്തിക്കളിയ്ക്കയാ
യൊഴിവുകാലം ഗുന്നവിദ്യാർത്ഥികളും;

പരിപക്വധാന്യവും പുല്ലും വിരിച്ചിട്ടു
പറവയ്ക്കും മാടിനും പൂതോത്സവം.
തിരുവോണം വന്നെത്തി രണ്ടുമിക്കേരള
ക്കരതൻ പുരാതന പുണ്യോത്സവം.

20. ഗരുഡൻ.

1 ശരദമലനീലസ്സിൽ മന്ദ മന്ദം
ഹരിതഹയനേര രഥം നടത്തിടുമ്പോൾ
ഒരു സിതമുകിലിൻ പുവട്ടിലായ് നീ
യരുണസഹോദര പാറിടും സഹർഷം.

2 ചിരകുകളം സരസം പർത്തി ദൂരാൽ
തിരമൊട്ട വിസ്തൃത വിൺതലത്തിലൂടെ
പറവകുലപതേ ചരിയ്ക്കവേ നിൻ
ചെറുവുടലത്തിലൊതുങ്ങുമോ പ്രഹർഷം?

3 ചലദമലജലം തെളിഞ്ഞവെയ്ലേ
റലമൊളി ചേർന്ന തരംഗിണിഗ്രണങ്ങളും,
പല പല മലർജാലമുമ്പലാ
നിലനിലുലഞ്ഞമരുന്ന മഞ്ഞുപൊയ്യും,

4 അലകളിളകുമഴി, പച്ചയെല്ലാം
ലലകലരാത്ത നെടും വയൽക്കയങ്ങളും,
കുലഗിരി, തലവുന്നമാടി ചേർന്നോ
രുലകിതു മന്ത! സുദൃശ്യമെപ്പോഴും തേ.

(യുഗ്മകം)

5 പ്രകൃതി വശഗദിവ്യദൃഷ്ടിയേതും
സുകൃതികളം തന്നെ സമീപമെയ്യുമാലോ,
പ്രകൃതിവടിവുനോക്കിയേതു പതാഗ
പ്രവര ഭവാനെ ലളിച്ചു ദൂരദൃഷ്ടി?

6 കനകരുചിയെഴും വിമാനമായി
ക്കലിതകുതൂഹലമങ്ങു സഞ്ചരിയ്ക്കേ,
കടിലവിഷധരാടി ജീവിയിൽത്തൻ
കടമിഴിയാൽ ചില ബൊഞ്ചെറിഞ്ഞിടം നീ.

7 അജഗജമനുജാടിയായ ജീവി
പ്രജമുലകിങ്കൽ നടത്തിടുന്നതെല്ലാം
നിജപതിഹൃദിയേയുണർത്തുവാനോ
ദ്വിജവര നീ ദിവിചുരരി നോക്കിടുന്നു.

8 മിഹിരകരസമൂഹമുഗ്രതാപം
സഹിയരുതാഞ്ഞിഹ ജീവജാലമെല്ലാം
ഇഹ കുളിർനിഴലാശ്രയിച്ചിടുമ്പോൾ
ഹാ! ഹാ! ചതുരൻ ശശനത്തിലേറിടം നീ!

9 രവി നിജനയനത്തിൽ മേവിടും വി
ഷ്ണുവിനുടെ വാഹകനില്ല തുലമെന്നോ,
ഭവിനരനുടെ വീർപ്പുവെയ്ലിനേക്കാ
ളുവികല തീക്ഷ്ണത കുടിടുന്നതെന്നോ,

10 സ്ഫുടസുഖമൊടയന്ന, സൂരചീച്ചി
പ്പുടചിതറുന്നതുരന്ന ഖാനിടത്തിൽ
കടലിലിളകിടുന്ന തോണിയൊന്നിൻ
വടിവൊടു നീ വിഹരിപ്പതിന്നെറ സാധം?

(യുഗ്മകം

11 ചിന്തലത്തിലതി ശോഭതിരണ്ടും
കൊണ്ടു കണ്മലസദണ്ഡസഹസ്രം
ചണ്ഡമീശിതിയുടിച്ചിടവേയെ
ങ്ങുണ്ടുപോയതിതി നോക്കിടുവാനോ?

12 ഉണ്ടേ, തന്നെ നടന്നിട്ടൊരു നല്ലോ
യാനം; നവീനാശ്രമം
കൊണ്ടാട്ടം പുതുമുരടശ്രീനിയുമൊ
ന്നാതങ്കഹീനം സ്വയം;
പണ്ടേ താനറിയുന്നതിവകകളെ
ന്നാശം ഗ്രഹിച്ചാനമായ്
ക്കൊണ്ടോ, സ്ഫീതകുതൂഹലം ഭിവിപര
ന്നിട്ടന്ന പക്ഷിന്ദ്ര നീ!

(യുഗ്മകം)

21. അവലോകനം.

ഇവനെ മലയ്ക്കുനിത്തിത്തിരിഞ്ഞു കാലചക്ര
മിരുപത്തഞ്ചിലേറെ വട്ടം വിശ്രമഹീനം,
അഥവാ ദീർഘദീർഘമതയും പ്രേക്ഷിണം
പതിവിൻ പടിവെച്ചുലോകബന്ധുവെ ലോകം.
മാനവചരിത്രത്തിൽ, സംസ്കാരപ്രയാണത്തിൽ,
മാനനീയമാമോരോ ഗംഭീരഘട്ടങ്ങളെ
തരണംചെയ്തുപോയി പ്രഥിതപ്രയത്നത്താൽ
ധരണീതലത്തിലെ പ്രമുഖ പ്രദേശങ്ങളും,

എത്ര ഋതനതതചമാരഞ്ഞു ഗ്രഹിച്ചുപോയ്
ധാത്രീവാസ സൌഭാഗ്യം വളർത്താൻ ശാസ്ത്രജ്ഞന്മാർ.
എത്ര നവ്യപദ്ധതി നടപ്പിൽ വരുത്തിപ്പോയ്
രാഷ്ട്രാല്പോഷ്ടാത്മ നാനാ രാജ്യതന്ത്രജ്ഞശ്രേഷ്ഠർ.
എന്തിനായ്പരായുന്ന ലോകമൊട്ടുക്ക മെന്റെ
യന്തികത്തിങ്കൽ പോലുമെന്തൊരാശ്ചര്യം കാൺമൂ!
മണ്ണിൽപിറന്ന ഞാൻ വീഴ്കവേ മനോജ്ഞമാം
പിഞ്ഞിനെനോക്കി പ്പൊങ്ങിത്തുടങ്ങും തെത്തെത്തങ്ങിതാം
അമൃതകുംഭങ്ങളെയെത്രയേകി പൈടാഹ
ശമനത്തിന്നായ് ത്തന്നൊച്ചുവിട്ടിക്കേവനോക്കും.
മാമകവേനത്തിലെപ്പൊഴും ബന്ധുക്കളെവ,
നോമനിച്ചുതി തൃഷ്ണാ ഞാൻ വളർന്നീടുംകാലം
പാടത്തും പറമ്പിലും മേഞ്ഞിരുന്ന പയ്കൂട്ടി
പാലെത്ര നല്കീ പാരിലാളുരക്കിതിന്നകം.
അന്നാരോ ലക്ഷ്യംകൂടാതെറിഞ്ഞ ബീജംതന്നിൽ
നിന്നുപൊങ്ങിയതാമീ തൈമാവിൻ നിലനോക്കൂ!.
തഴച്ചുവളർന്നു വിഹഗാലയമായും
മധുരഫലപ്രദമായുമുല്ലസിയ്ക്കുന്നു.
മറന്നു പട്ടമുളയായ് നിന്നമുല്ലത്തയ്യോ
മരിയും പൂത്തും പാരിൽ സൌരഭം പരത്തുന്നു.
തപനചണ്ഡകരണ്ഡമേറ്റു തൻകാല്ക്കീ
ലതയും തേടും പാന്ഥതതിയ്ക്കു രക്ഷാസ്ഥാനം
അരുളിക്ഷീണംതീർത്തു പൂണ്ടാനന്ദമേകാൻ
കരുതിക്കൈനീട്ടുന്ന വഴിവക്കിലെ പ്പീരാൽ.

തന്നുടെശരീരത്തെ പുഷ്ടിപ്പെടുത്തുന്നി
തന്നുർത്തൻ സുഖസുഖാരത്തിനായ് തൃണംപോലും
മാത്രമല്ലതു വിശ്വസ്തനിത്തിട്ടം മൃഗങ്ങളെക്ക
ശാത്രവും നല്കിയാത്മാഹുതിയിൽ തൃപ്തികാൺമൂ.

പരസൗഭാഗ്യാർത്ഥമായ് — ഭുവനൈശ്വര്യാർത്ഥമായ്
പരമയത്ന, മല്ലാ, തൃാഗത്താൻ സദാചെയ്തൂ
പുരിലും കാണാകുന്ന വസ്തുക്കളോരോന്നുമേ,
ചെറുമൊരൊഴുക്കില്ലാ ജീവിതം മഹീയമേ
മറുക്കുട്ടർത്തൻ യത്നഫലമാസ്വദിയ്ക്കുവാം,
മാറുക്കുട്ടകയല്ലീ ഭുവാസസൗഭാഗ്യത്തിൽ.

പോരുമേ പോരും പരഭാരമാമെൻ ജീവിതം
ഭാരശാഖയിലിത്തിക്കണ്ണീരതിൻ ഫലസോപമം.
ചോക്കുകെൻതോളും താണൊരിക്ഷാണീതലം പൊകാതെൻ
ചേത്തുവെച്ചിരിക്കുന്ന നീണ്ടതാം തണ്ടിന്നഗ്രേ.
ഗാത്രം ഹാ! ഞെരിഞ്ഞാലും വർദ്ധിത കുതൂഹലം
ആത്തുയത്തുക തോളിൽവെച്ചു തണ്ടൊട്ടെങ്കിലും.